പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ.1263 — 13.12.2012ൽ മറുപടിക്ക്

## പാലക്കാട് ജില്ലയിൽ നെൽവയൽ നികത്തൽ

| ചോദ്യം<br>ശ്രീ.എം.ചന്ദ്രൻ : | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|
| (എ) നെൽവയൽ - നീർത്തട സംരക്ഷണ നിയമ പ്രകാരം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുകയും നിരീക്ഷണ സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ടോ ;<br><br>(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇതിനു കാലതാമസം നേരിടുന്നത് വ്യക്തമാക്കാമോ ; | (എ) & (ബി) പാലക്കാട് ജില്ലയിൽ 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള പ്രാദേശികതല / ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുള്ളതും ആയത് പ്രവർത്തിച്ചു വരുന്നവയുമാണ്. ജില്ലയിൽ കരട് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത നിയമം പ്രാവർത്തികമാക്കാത്തത് മൂലം പാലക്കാട് ജില്ലയിൽ എത്ര ഹെക്ടർ നിലമാണ് 2011 മെയ് മാസത്തിനുശേഷം നികത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 47.74 ഹെക്ടർ നിലത്തിന് ജില്ലാതല സമിതി പരിവർത്തനാനുമതി നൽകിയിട്ടുണ്ട്. ഇത് കൂടാതെ ജില്ലാ കളക്ടർക്ക് ലഭിച്ച അപ്പീൽ അപേക്ഷകളിൻമേൽ 95 സെന്റ് നിലത്തിന് പരിവർത്തനാനുമതി നൽകിയിട്ടുണ്ട്. അനധികൃത പരിവർത്തനം സംബന്ധിച്ച കൃത്യമായ വിസ്തീർണ്ണം ലഭ്യമല്ല. |
| (ഡി) പ്രസ്തുത കാലയളവിൽ അനധികൃതമായി നെൽവയൽ നികത്തിയതിന് എത്ര കേസുകൾ പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ ; | (ഡി) ഈ കാലയളവിൽ ജില്ലയിൽ ആകെ 242 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ഇ) നികത്തിയ നെൽവയലുകൾ പൂർവ്വ സ്ഥിതിയിലാക്കിയിട്ടുള്ള ഏതെങ്കിലും കേസുകൾ ഉണ്ടോ ; വിശദമാക്കുമോ ? | പാലക്കാട് ജില്ലയിൽ 6 കേസുകളിലായി 6 ഏക്കർ 10 സെന്റ് സ്ഥലം പൂർവ്വ സ്ഥിതിയിലാക്കുവാൻ ഉത്തരവായിട്ടുള്ളതും അതിൽ 5.50 ഏക്കർ സ്ഥലം പൂർവ്വ സ്ഥിതിയിലാക്കിയിട്ടുള്ളതുമാണ്. ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്നതിനാൽ ബാക്കി 60 സെന്റ് സ്ഥലം പൂർവ്വ സ്ഥിതിയിലാക്കിയിട്ടില്ല. ബാക്കി കേസുകളിലെല്ലാം നിയമത്തിലെ സെക്ഷൻ 13 പ്രകാരം നടപടി സ്വീകരിക്കുന്നതിന് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കി വിചാരണ നടത്തി നടപടികൾ പൂർത്തീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ